# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 സെപ്തംബർ 29

# വാർത്താക്കുറിപ്പ്

---

## പി.ജി: ക്വാട്ട പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല ഒന്നാം സെമസ്റ്റർ ബിരുദാനന്തര-ബിരുദ പ്രവേശനത്തിന് സ്പോർട്സ്/ കൾച്ചറൽ/ ഭിന്നശേഷിക്കാർക്കായി നിശ്ചയിച്ചിട്ടുള്ള സീറ്റുകളിലേക്കുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അന്തിമ റാങ്ക് പട്ടിക ഒക്ടോബർ ഒന്നിന് പ്രസിദ്ധീകരിക്കും. ഒക്ടോബർ ഒന്നുമുതൽ നാലുവരെ അർഹരായവർക്ക് കോളേജുകളിൽ പ്രവേശനം നൽകും. അന്തിമ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ അതത് കോളേജുമായി ബന്ധപ്പെട്ട് ഒക്ടോബർ നാലിനകം പ്രവേശനം ഉറപ്പാക്കണം.

(പി.ആർ.ഒ/39/979/2021)

## ബി.എഡ്. പ്രവേശനം: അപേക്ഷകർ ശ്രദ്ധിക്കുക

മറ്റ് സർവകലാശാലകളിൽ നിന്നും ബിരുദം കരസ്ഥമാക്കിയവർ എം.ജി. സർവകലാശാല ബി.എഡ്. പ്രോഗ്രാമിലേക്ക് അപേക്ഷിക്കുമ്പോൾ എം.ജി. സർവകലാശാലയിലെ ബിരുദപ്രോഗ്രാമുകളിൽ നിന്നും വ്യത്യസ്തമായ ബിരുദങ്ങളാണെങ്കിൽ പ്രസ്തുത പ്രോഗ്രാം എം.ജി.സർവകലാശാലയിലെ ഏത് ബിരുദത്തിന് തുല്യമാണോ ആ ബിരുദം ഓൺലൈൻ അപേക്ഷയിൽ തെരഞ്ഞെടുത്ത് അപേക്ഷിക്കേണ്ടതാണ്. കേരളത്തിലെ മറ്റ് സർവകലാശാലകളിൽ നിന്നുള്ളവർ സ്പെഷലൈസ്ഡ് പ്രോഗ്രാമുകൾ ഒഴികെയുള്ള ബിരുദ പ്രോഗ്രാമുകൾക്ക് 'പ്രോഗ്രാം വൈസ് എലിജിബിലിറ്റി' ഹാജരാക്കേണ്ടതില്ല. എന്നാൽ കേരളത്തിലെ മറ്റ് സർവകലാശാലകളിൽനിന്നും സ്പെഷലൈസ്ഡ് ബിരുദ പ്രോഗ്രാമുകൾ കരസ്ഥമാക്കിയിട്ടുള്ളവരും കേരളത്തിന് വെളിയിലുള്ള സർവകലാശാലകളിൽ നിന്നും ബിരുദം കരസ്ഥമാക്കിയിട്ടുള്ളവരും പ്രോഗ്രാം വൈസ് എലിജിബിലിറ്റി പ്രവേശന സമയത്ത് ഹാജരാക്കണം

(പി.ആർ.ഒ/39/980/2021)

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിൽ സെപ്തംബർ 27ന് നടത്താനിരുന്നതും സെപ്തംബർ 28ലേക്ക് മാറ്റിവച്ചതുമായ രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം) (2019 അഡ്മിഷൻ റഗുലർ/ 2018 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ അഞ്ചിലേക്ക് മാറ്റി. പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/981/2021)

## പരീക്ഷ തീയതി

സി.ബി.സി.എസ്. (2020 അഡ്മിഷൻ റഗുലർ/ 2019, 2018, 2017 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ് സി. സൈബർ ഫോറൻസിക് (2020 അഡ്മിഷൻ റഗുലർ/ 2019 അഡ്മിഷൻ റീഅപ്പിയറൻസ് മാത്രം) ബിരുദ പരീക്ഷകൾ ഒക്ടോബർ അഞ്ചുമുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/982/2021)

മോഡൽ ഒന്ന് - ആനുവൽ സ്കീം ബി.എ./ ബി.എസ് സി./ ബി.കോം. പാർട്ട് 1 ഇംഗ്ലീഷ്, പാർട്ട് 2 അഡീഷണൽ/ മോഡേൺ ലാംഗ്വേജ് (അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ്)/ പാർട്ട് 1 ഇംഗ്ലീഷ്

(പി.ആർ.ഒ/39/983/2021)

ബി-ടെക് ആറാം സെമസ്റ്റർ പുതിയ സ്കീം - (2010 അഡ്മിഷൻ മുതൽ - സപ്ലിമെന്ററി/ മേഴ്സി ചാൻസ് ) പരീക്ഷയുടെ ഭാഗമായുള്ള (പുതുക്കിയ) - സോയിൽ സ്റ്റെബിലിറ്റി അനാലിസിസ്, വെഹിക്കിൾ ട്രാൻസ്പോർട്ട് മാനേജ്മെന്റ് എന്നീ പരീക്ഷകൾ ഒക്ടോബർ 11ന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടക്കും.

(പി.ആർ.ഒ/39/984/2021)

## പരീക്ഷഫലം

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷൽസ് വേദാന്ത പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി/ബെറ്റർമെന്റ് പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/985/2021)

## വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ സ്റ്റോർ കീപ്പർ/ മാർക്കർ (ഗ്രൗണ്ട്സ്മാൻ) തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിനുള്ള വോക്-ഇൻ-ഇന്റർവ്യൂ ഒക്ടോബർ ആറിന് രാവിലെ 11ന് നടക്കും. താല്പര്യമുള്ളവർ അസൽ രേഖകളുമായി പഠനവകുപ്പ് ഓഫീസിൽ നിശ്ചിത സമയത്ത് എത്തണം. ഫോൺ: 9447006946.

(പി.ആർ.ഒ/39/986/2021)

## അധ്യാപക നിയമനം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എം.പി.ഇ.എസ്. ക്ലാസുകൾ എടുക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു. യോഗ്യരായവർ അസൽ രേഖകളുമായി ഒക്ടോബർ ഏഴിന് രാവിലെ 11ന് പഠനവകുപ്പ് ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 9447006946.

(പി.ആർ.ഒ/39/987/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ